# By the Grace of God Dr. Mathews Mar Severios Metropolitan of Malankara Orthodox Syrian Church and the President of Divyabodhanam, Laity Theological Training Program

No. D 3/2018

Greetings to you in the name of the Holy Trinity, The Father, The Son, and The Holy Spirit One True God.

Blessings to the Vicars, Assistant Vicars, Lay Stewards, Members of the Spiritual Organisations especially Divyabodhanam students and all Our Faithful in all Our Parishes and Congregations.

Dearly Beloved in the Lord,

We hope that this finds you in good cheer. We are pleased to inform you that our Divyabodhanam laity theological training programme is developing phenomenally. It gives us immense satisfaction to know that almost all our Parishes have Divyabodhanam units especially after elevating it to the status of a Spiritual Organisation. We are also pleased to state that nearly 3,500 students are successfully completing their course in the last batch. Divyabodhanam has opened an avenue to understand the Holy Scripture, Faith, Liturgy, History of the Church, Mission Activities, Ecumenism and Pastoral Ministry in an authoritative and a simple way. It has spread to all spheres of our Church owing to the dedicated efforts of our Seminary faculty and the co-ordinators from the different Dioceses of our Church. May We submit our love, gratitude and tribute to His Holiness Moran Mar Baselios Marthoma Mathews I, H.G. Dr. Paulos Mar Gregorios Metropolitan of blessed memory and to all the Divyabodhanam family members who have entered the glorious stage, without whose foresight this would not have become possible.

Dearly Beloved,

The new batch of this course commences from the month of June 2019. The courses are scheduled in three tiers namely Certificate Course, Diploma Course and Degree Course in successions. The course calendar and the circular containing the other details shall be provided by the Registrar from the Central Office. As a Spiritual Organisation and as a Theological Training Programme of our Church, it is our responsibility to form new Divyabodhanam Units, under the leadership of the Vicars, in all our Parishes and Congregations, and to get them registered at the Central Office. We also remind that all Our children who have finished their Sunday School, members of the various Spiritual Organizations, Teachers and the faithful who are working in different other fields to take up Divyabodhanam Course without any disregard. For the smooth functioning of this program, We feel that it would be better to include a prescribed amount for this in the Annual Budget of all our Parishes. You will be getting all the directions, encouragement and blessings from all the Diocesan Metropolitans. For further information, please contact: Registrar, Divyabodhanam, Orthodox Theological Seminary, P.O. Box 98, Kottayam-686 001, Kerala.

We submit all our Faithful unto the hands of our Savior Jesus Christ who gave His life as a ransom to save us from our sins.

Yours Shepherd in Christ

**Dr. Mathews Mar Severios Metropolitan**
President, Divyabodhanam

15th Dec. 2018, From Kottayam Orthodox Theological Seminary

# ദൈവകൃപയാൽ
# മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ദിവ്യബോധനം
# വിശ്വാസപഠന പാഠ്യപദ്ധതിയുടെ പ്രസിഡന്റായ
# ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. D 2/2018

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും
പള്ളികൈസ്ഥാനികളും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും വിശേഷാൽ ദിവ്യബോധനം പഠിതാക്കളും ശേഷം
വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

നിങ്ങൾ ഏവരുടെയും ക്ഷേമം അന്വേഷിച്ചുകൊണ്ട് ബലഹീനനായ നാം നിങ്ങൾക്കെഴുതുന്നു. നമ്മുടെ സഭയുടെ
വിശ്വാസപഠന പദ്ധതിയായ ദിവ്യബോധനം അത്ഭുതകരമാംവിധം വളർന്നിരിക്കുന്നുവെന്നത് അത്യധികം സന്തോഷ
ത്തോടെയാണ് നാം നിങ്ങളെ അറിയിക്കുന്നത്. സഭയുടെ ഒരു ആദ്ധ്യാത്മിക സംഘടനയായി ഉയർത്തപ്പെട്ടതോടു
കൂടി നമ്മുടെ മിക്കവാറും എല്ലാ ഇടവകകളിലും ദിവ്യബോധനം യൂണിറ്റുകൾ ആരംഭിച്ചു എന്നറിയുന്നത് സന്തോഷം
തന്നെ. വി. വേദപുസ്തകം, സഭയുടെ വിശ്വാസം, ആരാധന, ചരിത്രം, മിഷനറിദൗത്യം, എക്യുമെനിസം, അജപാലന
ശുശ്രൂഷ എന്നിവയെക്കുറിച്ചെല്ലാം ആധികാരികമായും അതേസമയം ലളിതമായും പഠിച്ചു മനസ്സിലാക്കി സഭാജീവി
തത്തോട് ക്രിയാത്മകമായി പ്രതികരിക്കുവാനുള്ള വലിയ അവസരമാണ് ദിവ്യബോധനത്തിലൂടെ നമുക്ക് കൈവന്നി
രിക്കുന്നത്.

നമ്മുടെ വൈദികസെമിനാരിയിലെ അദ്ധ്യാപകരും സഭയുടെ വിവിധ ഭദ്രാസനങ്ങളിലെ പ്രവർത്തകരും കൂട്ടായി
നടത്തിവരുന്ന ശ്രമത്തിന്റെ ഫലമായിട്ടാണ് ദിവ്യബോധനം സഭയുടെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നത്.
വളരെ ദീർഘവീക്ഷണത്തോടെ ദിവ്യബോധനം പഠനപദ്ധതി സഭയിൽ നടപ്പിലാക്കിയ ഭാഗ്യസ്മരണാർഹനായ പ.
ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെയും അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറി
യോസ് തിരുമേനിയുടെയും പാവന സ്മരണയ്ക്കു മുമ്പിൽ പ്രണമിക്കുന്നു.

ആത്മിക പ്രസ്ഥാനം എന്ന നിലയിലും വിശ്വാസ പഠനപദ്ധതി എന്ന നിലയിലും നമ്മുടെ എല്ലാ ഇടവകകളിലും
വന്ദ്യ വികാരിമാരുടെ നേതൃത്വത്തിൽ ദിവ്യബോധനം യൂണിറ്റുകൾ രൂപപ്പെടുത്തി കേന്ദ്ര ഓഫീസുമായി ബന്ധപ്പെട്ടു
രജിസ്റ്റർ ചെയ്തു പഠനം ആരംഭിക്കുവാൻ നാം നിങ്ങളോട് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. 2019 ജൂൺ മാസം
മുതൽ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നു. പഠനത്തോടനുബന്ധിച്ചുള്ള മറ്റു വിവരങ്ങൾ
കേന്ദ്ര ഓഫീസിൽ നിന്നും രജിസ്ട്രാർ നിങ്ങളെ അറിയിക്കുന്നതായിരിക്കും. സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കിയ
കുട്ടികൾ, ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകർ, അദ്ധ്യാപകർ, വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന മറ്റു വിശ്വാസി
കൾ തുടങ്ങി നമ്മുടെ എല്ലാ വാത്സല്യ മക്കളും ദിവ്യബോധനം പഠിച്ചിരിക്കണം എന്ന് നാം ഓർമ്മിപ്പിക്കട്ടെ. പഠന
പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഒരു നിശ്ചിത തുക നമ്മുടെ എല്ലാ ഇടവകകളുടെയും വാർഷിക ബജ
റ്റിൽ ഉൾക്കൊള്ളിക്കുന്നത് ഉത്തമമായിരിക്കും എന്നു നാം കരുതുന്നു. ഇടവക മെത്രാപ്പോലീത്താമാരായ അഭിവന്ദ്യ
പിതാക്കന്മാരുടെ നിർദ്ദേശങ്ങളും അനുഗ്രഹങ്ങളും പ്രോത്സാഹനങ്ങളും ഇക്കാര്യത്തിൽ നിങ്ങൾക്ക് ലഭിക്കുന്നതായി
രിക്കും. വിശദവിവരങ്ങൾക്കും പ്രോസ്പെക്ടസിനും വേണ്ടി രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് തിയോള
ജിക്കൽ സെമിനാരി, പി.ഒ. ബോക്സ് 98, കോട്ടയം-6860001, കേരളം എന്ന വിലാസത്തിൽ ബന്ധപ്പെടുക.

നമ്മുടെ എല്ലാ വാത്സല്യ മക്കൾക്കും കാൽവറി ക്രൂശിൽ പരമയാഗമായി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ
കർത്താവിന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

വാത്സല്യപൂർവ്വം

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ

**ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, ദിവ്യബോധനം

2018 ഡിസംബർ 15-ന് കോട്ടയം പഴയസെമിനാരിയിൽ നിന്നും

# ദൈവകൃപയാൽ
# മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ദിവ്യബോധനം
# വിശ്വാസപഠന പാഠ്യപദ്ധതിയുടെ പ്രസിഡന്റായ
# ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. D 1/2018

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും പള്ളികൈസ്ഥാനികളും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും വിശേഷാൽ ദിവ്യബോധനം പഠിതാക്കളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

കർത്താവിൽ പ്രിയരെ,

നമ്മുടെ സഭയുടെ വിശ്വാസ ആചാരങ്ങളും ചരിത്രവും വിശ്വാസ സമൂഹത്തെ പരിശീലിപ്പിക്കുന്ന ഒരു പഠന പരിപാടിയാണല്ലോ ദിവ്യബോധനം. സഭയുടെ പഠിത്തവീടായ പഴയസെമിനാരിയുടെ അത്മായബന്ധത്തിന് ആക്കം കൂട്ടുന്ന ഒരു പദ്ധതി. അതിന് തുടക്കം കുറിച്ചിട്ട് മൂന്ന് പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. സെമിനാരി അദ്ധ്യാപകരുടെയും സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ വൈദികരുടെയും പഠനം പൂർത്തിയാക്കിയ അത്മായരുടെയും കൂട്ടായ പ്രവർത്തനംകൊണ്ട് അത് ഭംഗിയായി നടന്നു വരികയാണ്.

പഴയസെമിനാരി അദ്ധ്യാപകരിൽ ഒരാളാണല്ലോ അതിന്റെ രജിസ്ട്രാറായി പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ ഏഴ് വർഷമായി ആ ചുമതല നിർവഹിച്ചിരുന്ന ബഹു. ഡോ. നൈനാൻ ജോർജ് കശീശ്ശാ സെമിനാരി രജിസ്ട്രാറായി ചുമതലയേറ്റപ്പോൾ തൽസ്ഥാനത്തു നിന്നു വിരമിച്ചു. ദിവ്യബോധനം രജിസ്ട്രാറായി സെമിനാരി അദ്ധ്യാപകർ തെരഞ്ഞെടുത്തിരിക്കുന്ന ബഹു. കെ. വി. ഏലിയാസ് കശീശ്ശയെ ദിവ്യബോധനം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അച്ചനെ ദിവ്യബോധനം രജിസ്ട്രാറായി ഈ കല്പന മൂലം നാം നിയമിക്കുന്നു. ബഹു. നൈനാൻ അച്ചന്റെ സേവനങ്ങളെ പ്രത്യേകം ശ്ലാഘിക്കുകയും, പുതിയ രജിസ്ട്രാർക്ക് നിങ്ങളേവരുടെയും സഹായം നൽകണമെന്നു ആവശ്യപ്പെടുകയും, പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, ദിവ്യബോധനം

2018 ഡിസംബർ 1-ന് കോട്ടയം പഴയസെമിനാരിയിൽ നിന്നും